## കണ്ടല്ലൂർ പഞ്ചായത്ത് ഓഫീസിൽ ഓട്ടോമാറ്റിക് സാനിറ്റൈസർ ഡിസ്പെൻസർ

ആലപ്പുഴ : ഗ്രാമപഞ്ചായത്ത് ഓഫീസിൽ എത്തുന്ന പൊതുജനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിന് കണ്ടല്ലൂർ ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഓട്ടോമാറ്റിക് സാനിറ്റൈസർ ഡിസ്പെൻസർ സ്ഥാപിച്ചു. അണുബാധയും അനാവശ്യ സ്പർശനംവും ഒഴിവാക്കുന്നതിന് ഈ സംവിധാനം പ്രയോജനപ്പെടും.
ഇൻഫ്രാറെഡ് സെൻസർ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഓട്ടോമാറ്റിക് ഡിസ്പെൻസർ സംവിധാനത്തിൽ കൈകളുടെ ചലനം അടിസ്ഥാനമാക്കി സാനിറ്റൈസർ കൃത്യമായ അളവിൽ കൈകളിലേക്ക് വീഴും. പല ആളുകൾ കൈ കൊണ്ട് കുപ്പിയിൽ സ്പർശിച്ച് സാനിറ്റൈസർ ഉപയോഗിക്കുമ്പോൾ അണുക്കൾ പടരാനുള്ള സാധ്യത മുന്നിൽകണ്ടാണ് ഇത്തരത്തിൽ ഓട്ടോമാറ്റിക് സാനിറ്റൈസർ ഡിസ്പെൻസർ സ്ഥാപിക്കാൻ തീരുമാനിച്ചതെന്ന് പഞ്ചായത്ത് പ്രസിഡന്റ് എ.വി രഞ്ജിത്ത് പറഞ്ഞു. കോട്ടയത്തെ അംഗീകൃത ഏജൻസിയിൽ നിന്നാണ് ഓട്ടോമാറ്റിക് സാനിറ്റൈസർ ഡിസ്പെൻസർ എത്തിച്ചത്. (ചിത്രമുണ്ട് )

## അതിഥി തൊഴിലാളികളുടെ വിവരങ്ങൾ ലേബർ ഓഫീസിൽ അറിയിക്കണം

ആലപ്പുഴ: കോവിഡ് 19 പശ്ചാത്തലത്തിൽ ജില്ലയിലേക്ക് ഇതര സംസ്ഥാനങ്ങളിൽ നിന്നും വരുന്ന അതിഥി തൊഴിലാളികൾ അവരുടെ വിവരങ്ങൾ ജില്ലയിലെ അസിസ്റ്റന്റ് ലേബർ ഓഫീസുകളിലും ജില്ല ലേബർ ഓഫീസിലെ ഫോൺ നമ്പറിലും കോൺട്രാക്ടർമാർ, സ്ഥാപന ഉടമകൾ/അതിഥി തൊഴിലാളികളെ താമസിപ്പിക്കുന്ന കെട്ടിട ഉടമകൾ/ റെസിഡൻസ് അസോസിയേഷനുകൾ/ സന്നദ്ധ സേവനസംഘടനകൾ എന്നിവർ അറിയിക്കണം. അതിഥി തൊഴിലാളികളുമായി നേരിട്ട് ബന്ധമുള്ള വ്യക്തികളും സ്ഥാപനങ്ങളും തൊഴിലുടമകളും വിവരം യഥാസമയം അറിയിക്കാത്തപക്ഷം അവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുമെന്ന് ജില്ല ലേബർ ഓഫീസർ അറിയിച്ചു. അസിസ്റ്റന്റ് ലേബർ ഓഫീസ് - ഒന്നാം സർക്കിൾ -ഫോൺ: 8547655384, രണ്ടാം സർക്കിൾ- 8547655385, മൂന്നാം സർക്കിൾ-8547655386, അമ്പലപ്പുഴ-8547655383, ഹരിപ്പാട്- 8547655381, കായംകുളം-8547655378, മാവേലിക്കര-8547655389, ചെങ്ങന്നൂർ- 8547655380, മങ്കൊമ്പ്-8547655382, ചേർത്തല വടക്ക്-8547655388, ചേർത്തല തെക്ക്-8547655387, ജില്ല ലേബർ ഓഫീസ് -8547655261.

## വെള്ളക്കെട്ട് നിവാരണ പദ്ധതിക്ക് ടെൻഡർ ക്ഷണിച്ചു

ആലപ്പുഴ: മണ്ണ് പര്യവേഷണ, മണ്ണ് സംരക്ഷണ വകുപ്പ് മുഖാന്തിരം റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച മാവേലിക്കര ബ്ലോക്കിൽ മാന്നാർ പഞ്ചായത്തിലെ മണപ്പുറം പുഞ്ച വെള്ളക്കെട്ട് നിവാരണ പദ്ധതിക്ക് ടെൻഡർ ക്ഷണിച്ചു. ജൂലൈ എട്ട് വൈകിട്ട് അഞ്ചുവരെ സ്വീകരിക്കും. ജൂലൈ 10ന് ഉച്ചകഴിഞ്ഞ് 2.30ന്

തുറക്കും. ഫോൺ: 0477 2254927.

**ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ താൽക്കാലിക നിയമനം**

ആലപ്പുഴ: ഫിഷറീസ് വകുപ്പിന് കീഴിൽ മൽസ്യത്തൊഴിലാളി വനിതകളുടെ ക്ഷേമത്തിന് വേണ്ടി പ്രവർത്തിക്കുന്ന സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവുമണിന്റെ ജില്ല നോഡൽ ഓഫീസിലേക്ക് ഓഫീസ് അസിസ്റ്റന്റ് തസ്തികയിൽ താൽക്കാലിക നിയമനത്തിനു അപേക്ഷ ക്ഷണിച്ചു. അപേക്ഷകർ മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽപെട്ടവരായിരിക്കണം. ബിരുദവും മലയാളം, ഇംഗ്ലീഷ് ടൈപ്പ്റൈറ്റിങ്ങിൽ പരിജ്ഞാനവും വേണം. 12000 രൂപ വേതനം ലഭിക്കും. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ രേഖകളുടെ കോപ്പികൾ സഹിതം ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലോ മത്സ്യഭവനുകളിലോ നൽകണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂലൈ ആറ് വൈകിട്ട് അഞ്ചു മണി. ഫോൺ 9288908487, 9526880456, 7907422550.